*മനുഷ്യവംശം ഇന്ന് പെരുവഴിയിൽ പകച്ചുനിൽക്കുകയാണ്. പാത മുന്നിൽ രണ്ടായി പിരിയുന്നു. ഒന്ന് നാം ഇതുവരെ കടന്നുപോന്ന വഴിയുടെ തുടർച്ചയാണ്. അതിന്റെ അന്ത്യം പ്രകൃതിയുടെയും മനുഷ്യന്റെയും നാശമാണ്. രണ്ടാമത്തേത് ഒരു പുതിയ പാതയാണ്. ഒരുപക്ഷെ അത് നമ്മെ രക്ഷയിലേക്ക് നയിച്ചേക്കാം. എന്തായിരിക്കും നമ്മുടെ തീരുമാനം?*
***(ജോൺസി ജേക്കബ്- സൂചിമുഖി ആദ്യലക്കത്തിൽ)***

**പ്രകൃതിയിൽ** നിന്ന് വേർപെട്ട മനുഷ്യജാതി സഹജീവികളിൽ നിന്ന് ഏറെ പുരോഗമിച്ചതായി നമ്മൾ മനസിലാക്കുന്നു. എന്നാൽ നമ്മുടെ മുൻതലമുറകളിലൂടെ കൃഷി മുന്നേറിയപ്പോൾ ഇന്ന് മനുഷ്യസമൂഹം എത്തിനിൽക്കുന്നത് വലിയൊരു ദുരന്തത്തിനു മുന്നിലാണ്. കാലവസ്ഥാ മാറ്റം, പ്രകൃതിയുടെ താളംതെറ്റൽ, ദുരിതം, ദുരന്തങ്ങൾ എന്നിവ മൂലം മറ്റ് സസ്യജന്തു ജീവജാലങ്ങളെയും ഭാവിയെയും(നിലനിൽപ്പു മാത്രമല്ല) ഗുരുതരമായി ഒരു വഴിത്തിരിവിൽ എത്തിച്ചിരിക്കുന്ന ഈ ദശാസന്ധിയിൽ എളിമയോടെ പ്രകൃതിനിയമങ്ങൾക്കൊത്ത് ജീവിക്കാൻ മനുഷ്യരും നിർബന്ധിതരാകുന്നു.

**എൻഡോസൾഫാനും രാസവള കീടനാശിനികളും കൃഷിയും** ആരോഗ്യവും രോഗമല്ല ലക്ഷണങ്ങൾ മാത്രം. വികസനം തന്നെ വിനാശമാകുന്നു. പുരോഗതി മനുഷ്യന്റെ അധോഗതിയും. പിന്തിരിപ്പൻ ആശയമെന്ന രീതിയിൽ പെട്ടന്ന് തോന്നിയേക്കാം. പക്ഷെ മനുഷ്യസംസ്കാരവും ചരിത്രവും ജീവന്റെ ഭാവിയും പഠിപ്പിക്കുന്നത് ഈ വികസനാർത്തി ബാധിച്ച മനുഷ്യജന്തുവിനെ ഇതുപോലെ നിലനിർത്തി ഭൂമിക്ക് തുടരാനാവില്ല എന്നാണ്. അപ്പോൾ നാമെന്ത് ചെയ്യണം?
അടിസ്ഥാനങ്ങളിലേക്ക്, ലാളിത്യത്തിലേക്ക്, ഉറവിടങ്ങളിലേക്ക് മുന്നേറുകയാണ് വഴി എന്ന് വിവേകം പറയുന്നു. ഇപ്പോൾ മിന്നുന്നതെല്ലാം പൊന്നാണെന്നു കരുതുന്ന ഒരു സമൂഹത്തിന് കൂട്ടമരണം, കൊലപാതകം മാത്രമാണ് ഫലം. നമ്മുടെ വികസന പദ്ധതികളും എൻഡോസൾഫാനുകളും ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലുകളും ആത്യന്തികമായി സമ്പൂർണ്ണ തകർച്ചയിലേക്കാണ് നമ്മെ എത്തിക്കുക എന്നറിയുക.

**തിരുവനന്തപുരത്തു നിന്ന് പ്ളാച്ചിമടയിലേക്കുള്ള ദൂരം പലരും** മറന്നുതുടങ്ങിയ പ്ളാച്ചിമടയിലെ കൊക്കക്കോള വിരുദ്ധസമരം ഇപ്പോഴും തുടരുകയാണ്. ഒമ്പതാം വർഷത്തിൽ ലക്ഷ്യം നേടി വിജയം കാത്തിരിക്കുന്ന ആ സമരം മൂലം നേട്ടമുണ്ടാക്കുക പാലക്കാടു ജില്ലയിലെ പ്ളാച്ചിമടക്കാർക്ക് മാത്രമല്ല, കേരളത്തിനും ലോകത്തിനുമൊട്ടാകെയാണ്. അതുകൊണ്ടുതന്നെ പ്ളാച്ചിമടയിൽ പരാജയമുണ്ടായാൽ നഷ്ടം, ദുരന്തം ലോകത്തിനൊട്ടാകെയും. പ്ളാച്ചിമട സമരത്തിലൂടെ സംരക്ഷിക്കപ്പെടേണ്ടത് ജീവജലം മാത്രമല്ല, കോർപ്പറേറ്റ് കോളകൾ ഭരണാധികാരികളുടെ അനുമതിയോടെ നടത്തുന്ന അതിക്രമങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം കൂടിയാണ്. 2002 ഏപ്രിൽ 22ന് ആരംഭിച്ച ആ സമരം പ്ളാച്ചിമട വാസികൾക്ക് ഇതുവരെ ഏൽപ്പിച്ച യാതനകൾക്ക് നഷ്ടപരിഹാരം നൽകി, കോർപ്പറേറ്റ് തെമ്മാടിയായ കൊക്കകോള പുറത്തുപോയാൽ മാത്രം പോരാ. കോളയെയും ഭരണാധികാരികളെയും പ്ളാച്ചിമടയിലെ അതിക്രമങ്ങൾക്ക് നിയമപരമായും സാമൂഹ്യമായും കുറ്റവിചാരണ ചെയ്യേണ്ടതുണ്ട്. കമ്പനി ഇപ്പോൾ ഉത്പാദനം നടത്തുന്നില്ലല്ലോ എന്ന് പറഞ്ഞ് കണ്ണടച്ച് ഇരുട്ടാക്കാൻ പറ്റില്ല. കൊക്കക്കൊള്ളകൾ വേറൊരിടത്തും ഇനി ആവർത്തിക്കാതിരിക്കാൻ ഭൂജല- മലിനീകരണ നിയന്ത്രണ നിയമങ്ങളിൽ തദ്ദേശീയ സമൂഹങ്ങൾക്ക് അനുകൂലമായി നിയമപരമായ സുരക്ഷ ഉണ്ടാകേണ്ടതുണ്ട്. കൂടാതെ ഗ്രാമസഭകൾക്ക് നിയമപരമായ അധികാരത്തോടു കൂടിയ (ജനാധികാരം) നിയമനിർമ്മാണം നടക്കണം. അതിനായി പഞ്ചായത്ത്രാജ് ആക്റ്റിലെ മാറ്റങ്ങൾ അത്യാവശ്യം. ഇടത്-വലത് ഭേദമില്ലാതെ എല്ലാ രാഷ്ട്രീയ പാർട്ടികളും സംഘടനകളും സ്ഥാപനങ്ങളും പൊതുസമൂഹവുമെല്ലാം പിന്തുണച്ചിട്ടും എന്തുകൊണ്ടാണ് ഇനിയും ഈ മാറ്റമുണ്ടാകാത്തത്.? ലോകത്ത് കഴിഞ്ഞ 50 വർഷത്തിനിടയിൽ ഏറ്റവും ശ്രദ്ധേയമായ ഈ ചരിത്രസമരം നടന്നിട്ടും നമ്മുടെ നിയമസഭ ഇതൊന്നും അറിഞ്ഞമട്ടില്ല. കേവലം മുദ്രാവാക്യവും ആഴമില്ലാത്ത കാട്ടിക്കൂട്ടൽ സമരവും ജനവിരുദ്ധമായ കോർപ്പറേറ്റ് താൽപര്യവുമാണോ നമ്മുടെ രാഷ്ട്രീയത്തെയും ഭരിക്കുന്നത്? എങ്കിൽ അത് ജനോന്മുഖമായി മാറ്റിത്തീർക്കാൻ നമ്മൾ തന്നെ സജീവമായി രംഗത്തിറങ്ങേണ്ടതുണ്ട്.
അടുത്ത ആറു മാസത്തിനുള്ളിൽ കാലാവധി തീരുന്ന ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് ഇനിയും മാനം രക്ഷിക്കാൻ വലിയൊരു സാധ്യതയുണ്ട്. അവർ തന്നെ ക്ഷണിച്ചുകൊണ്ടുവന്ന കൊള്ളക്കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി തിരിച്ചയക്കുക. അടുത്ത മൂന്നുമാസത്തിനുള്ളിൽ ആ വലിയൊരു സാധ്യത നടക്കുമോ? ഈ സർക്കാർ തന്നെ നിയോഗിച്ച കെ. ജയകുമാർ ഐ.എ.എസ്. ചെയർമാനായ ഉന്നതാധികാര സമിതി നൽകിയ റിപ്പോർട്ടനുസരിച്ച് രൂപീകരിക്കേണ്ട ട്രൈബ്യൂണൽ യാഥാർത്ഥ്യമാക്കിയാൽ അത് തന്നെ വലിയൊരു വിജയമായിരിക്കും. അറിഞ്ഞിടത്തോളം ആ ദിശയിലുള്ള നീക്കങ്ങൾ നിയമതലത്തിൽ നടക്കുന്നുണ്ട്. പക്ഷെ, കേരളത്തിൽ കോള നിരോധിച്ച നടപടി പോലെ അതു ചീറ്റിപ്പോകാൻ പാടില്ല. കാപട്യമോ വഞ്ചനയോ അല്ല ശരിയായ ഇച്ഛാശക്തിയാണ് ജനം പ്രതീക്ഷിക്കുന്നത്. അങ്ങനെയെങ്കിൽ പ്ളാച്ചിമടയ്ക്ക് 50 കിലോ മീറ്റർ അകലെയുള്ള മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ ഇപ്പോഴും മാരകമായ മാലിന്യം ഉൽപ്പാദിപ്പിച്ചും അമിതജല ചൂഷണം നടത്തിയും പ്രവർത്തിക്കുന്ന പെപ്സി കമ്പനിക്കെതിരെ എന്തു ചെയ്യും? ഇവർക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ നമ്മുടെ ഇടതും വലതും പിന്നെന്തിന്? ഈ അപകട അമേരിക്കൻ കമ്പനികളെ ഭയക്കുന്നതാരാണ്? സർക്കാരിന്റെ ഔദാര്യമല്ല, ജനകീയ പോരാട്ടത്തിന്റെ, നീതിബോധത്തിന്റെ, കൂട്ടായ്മയുടെ, ജാഗ്രതയുടെ ഊർജ്ജമാണ് പ്ളാച്ചിമട നമ്മോട് ആവശ്യപ്പെടുന്നത്. കേരളസമൂഹം ഇക്കഴിഞ്ഞ വാരം ഓടുന്നത് എൻഡോസൾഫാന് പിന്നാലെയാണ്. അടുത്തയാഴ്ച മറ്റൊരു വിഷയം. പക്ഷെ, പ്ളാച്ചിമടകൾക്ക് മറവിയല്ല മറുമരുന്ന്. നിരന്തര പോരാട്ടം. നീതി ലഭിക്കുംവരെ, വിജയം നേടുംവരെ. അവർ ഒറ്റക്കല്ല, നമ്മുടെ കൈ പിൻവലിക്കാതിരുന്നാൽ മാത്രം മതി. സാമൂഹ്യപ്രവർത്തകരുടെ മുന്നിൽ ഒരു വലിയ വെല്ലുവിളിയായി പ്ളാച്ചിമട തുടരും....